

# കടൽത്തീരത്ത്- ഒ.വി.വിജയൻ(കഥ)

**mukulam malayalam A PLUS Capsule from**
**SURESH AREEKODE**
**1 SCORE, 2 SCORE SURE PLUS Questions and Answers**

1. 'കടൽത്തീരത്ത് ' എന്ന പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നതാണ് ?
   - കഥ
2. 'കാറ്റ് പറഞ്ഞകഥ' ആരുടെ രചനയാണ് ?
   - ഒ.വി.വിജയൻ
3. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്നു.അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത് ?
   - ഈർപ്പം (നനവ്)
4. വെള്ളായിയപ്പൻ യാത്രപുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ട നിലവിളി ഉയർന്നു.വെള്ളായിയപ്പൻ എങ്ങോട്ടാണ് യാത്രപുറപ്പെട്ടത് ?
   - ജയിൽ ശിക്ഷ അനുഭവിക്കുന്ന മകനെ കാണാൻ, കണ്ണൂരിലേക്ക്.
5. പിന്നിൽ നിലവിളി അകന്നു ശമിച്ച് ഇല്ലാതായി ?തെറ്റ് തിരുത്തി എഴുതുക ?
   - പിന്നിൽ നിലവിളി അകന്നു ശമിച്ചു / പിന്നിൽ നിലവിളി അകന്ന് ഇല്ലാതായി.
6. ചവിട്ടടിപ്പാതയെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
   - ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി.
7. വെള്ളായിയപ്പന്റെ തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നു ? വെള്ളായിയപ്പൻ എങ്ങോട്ടാണ് യാത്രയാവുന്നത് ?
   - കണ്ണൂരിലേക്ക്
8. വെള്ളായിയപ്പൻ യാത്രയായപ്പോൾ കോടച്ചി അദ്ദേഹത്തിന്റെ കൈവശം കൊടുത്തയച്ചത് എന്തായിരുന്നു?
   - പൊതിച്ചോറ് /പാഥേയം
9. തന്റെ യാത്രയിൽ അന്നാദ്യമായി വെള്ളായിയപ്പന് അപരിചതമായി തോന്നിയത് എന്തായിരുന്നു.
   - കരിമ്പനപ്പട്ടകളിൽ കാറ്റിരമ്പുന്നത്.
10. പൊതിച്ചോറ് എന്തിൽ പൊതിഞ്ഞായിരുന്നു വെള്ളായിയപ്പൻ കൈയിൽ വെച്ചത് ?
    - തുവർത്തിൽ
11. വെള്ളായിയപ്പൻ തീവണ്ടിയാപ്പീസിലക്കുള്ള തന്റെ യാത്രാമധ്യേ ആദ്യമായി കണ്ടത് ആരെ ?
    - കുട്ട്യസ്സൻ മാപ്പിളയെ (മരയ്ക്കാരെ)

12. വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും തമ്മിലുള്ള കണ്ടുമുട്ടലിൽ രണ്ടു വാക്കുകൾ മാത്രമാണ് സംസാരമായി കടന്നു വന്നത്.ഏതെല്ലാം ?

- മരയ്ക്കാരേ , വെള്ളായിയേ

13. "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്.അത് അങ്ങനെ തന്നെയായിരിക്കട്ടെ." ഇത് ആരുടെ വാക്കുകൾ ആണ് ?

- മരയ്ക്കാരുടെ (കുട്ട്യസ്സൻമാപ്പിളയുടെ)

14. നീലിമണ്ണാത്തി- ശരിയായ വിഗ്രഹരൂപം എഴുതുക

- നീലി എന്ന മണ്ണാത്തി.

15.'രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ് '. നീലിയുടെയും വെള്ളായിയപ്പന്റെയും സ്വാന്തന വാക്കുകൾ ഏവ ?

- വെള്ളായിച്ചോ , നീലിയെ

16.പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. ഇവിടെ പരാമർശിക്കുന്ന രണ്ട് കുളി അനുഭവങ്ങൾ ഏവ ?

- അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്.

17. പുഴകടന്ന് അപ്പുറത്തെ മേട്ടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു. കരച്ചിലിന്റെ ഹേതു എന്തായിരുന്നു?

- അപ്പന്റെയും മകന്റെയും ഓർമ്മകൾ.

18. തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങാനായി എവിടെനിന്നാണ് പണം പുറത്തെടുത്തത് ?

- ഉടുമുണ്ടിന്റെ കോന്തലയിൽനിന്ന്.

19.യാത്രയുടെ ഒരുഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നിയത് എപ്പോൾ ?

- ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ.

20."അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി-" ഈ വരികളിലെ സൂചനയെന്ത് ?

- ദുഖസാന്ദ്രമായ വെള്ളായിയപ്പന്റെ മനസ്സ്

21.തീവണ്ടിയാപ്പീസിൽ ബെഞ്ചിൽ ഇരുന്നു കിനാവുകണ്ട വെള്ളായിയപ്പൻ എന്താണു പറഞ്ഞത് ?

- കണ്ടുണ്ണിയേ , മകനേ

22. "ഇത് ഒന്നാം ക്ലാസ്സാണ് കാർണോരേ." ഈ വരികളിൽ തെളിയുന്ന ഭാവം എന്ത് ?

- പരിഹാസം

23. "എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളക്കുന്നു."എന്തിനാണ് വെള്ളായിയപ്പന്റെ മകൻ ഉറക്കമിളക്കുന്നത് ?

- പിറ്റേ ദിവസം അവന്റെ വധശിക്ഷയാണ്

24. "നേരം പതുക്കെ പതുക്കെ വെളുത്തു . നേരം പതുക്കെപ്പതുക്കെ കനച്ചു".- ഇവിടത്തെ ഭാഷപരമായ ഒരു സവിഷേഷത എഴുതുക?

- ഗദ്യഭാഷയുടെ കാവ്യാത്മകത.

25. "ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുക്കാരന്റെ മുമ്പിൽ നിന്നു." മുണ്ടിന്റെ കോന്തലയ്ക്കുള്ളിൽ നിന്നു അയാൾ (വെള്ളായിയപ്പൻ)എന്താണ് പുറത്തെടുത്തത് ?

- മഞ്ഞനിറത്തിലുള്ള ഒരു കടലാസ്

26. പാറാവുക്കാരന്റെ മുഖം പൊടുന്നനെ കനിവുറ്റതാവാൻ കാരണം എന്ത് ?

- വെള്ളായിയപ്പന്റെ മകന്റെ വധശിക്ഷയുടെ വിവരം അറിഞ്ഞത്.

27. "വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ."-എന്തിനെയാണ് ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നത് ?

- തടവറയുടെ ഉള്ളിലേക്കുള്ള ഇടവഴി.

28. 'ഇരുമ്പഴിവാതിൽ' എന്നതിന്റെ വിഗ്രഹരൂപമേത്?

- ഇരുമ്പിന്റെ അഴികൊണ്ടുള്ള വാതിൽ.

29. "തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു" ശ്രദ്ധാഞ്ജലി അർപ്പിച്ച്, വെള്ളായിയപ്പൻ എവിടെ നിന്നാണ് നടന്നകന്നത്.?

- ജയിലിൽ നിന്ന് .

30."പുലർച്ചക്കു മുമ്പ് *കൊമ്പുവിളികൾ മുഴങ്ങുന്നത്* വെള്ളായിയപ്പൻ കേട്ടു "- ഇത് എന്തായിരുന്നു ?

- വധശിക്ഷയുടെ ചടങ്ങ്

31. "ഒരു പേറ്റിച്ചിയെ പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരനിൽനിന്നു ഏറ്റുവാങ്ങി." അടിവരയിട്ട പദം നൽകുന്ന അർത്ഥസാധ്യത എന്ത് ?

- അതീവ സൂക്ഷ്മതയോടും ശ്രദ്ധയോടും കരുതലോടെയും.

32. "മകന്റെ മൃതദേഹം മണ്ണിട്ട് മൂടുന്നതിന് മുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു". - എന്നിട്ട് അദ്ദേഹം എന്താണ് ചെയ്തത്?

- നെറ്റിയിൽ കൈപ്പടം വെച്ച് അനുഗ്രഹിച്ചു.

33. കോടച്ചി കൊടുത്തയച്ച പൊതിച്ചോറിന് സംഭവിക്കുന്ന പരിണാമം കഥയുടെ ഭാവതീവ്രത വർധിപ്പിക്കുന്നുണ്ട്.പൊതിച്ചോറിന് സംഭവിക്കുന്ന പരിണാമം എന്ത്?

- പൊതിച്ചോറ് ബലിച്ചോറായി പരിണമിക്കുന്നു.

34. 'കടൽത്തീരത്ത് ' എന്ന കഥയിൽ ഉപയോഗിച്ച ബിംബങ്ങൾ/ ഇമേജുകൾ ഏതെല്ലാം?

- കാറ്റ്, കടൽ, പൊതിച്ചോറ്, ബലിക്കാക്ക,

35. 'വെള്ളായിയപ്പന്റെ ദു:ഖം പാഴുത്തറ ഗ്രാമത്തിന്റെ ദു:ഖമായിരുന്നു.' താഴെ പറയുന്നവയിൽ നിന്ന് ശരിയായ സൂചന കണ്ടെത്തി എഴുതുക?

- പഴുതറയിലെ അമ്പതിൽ ചില്വാനം കുടിലുകളിലത്രയും വിഷാദവും സഹാനുഭൂതിയും നിറഞ്ഞു.

36. വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടപ്പോൾ വീടുകളിൽ നിന്ന് കൂട്ട നിലവിളി ഉയർന്നു.കൂട്ട നിലവിളിക്ക് പ്രേരകമായ ഏതെങ്കിലും രണ്ട് സാഹചര്യങ്ങൾ കണ്ടെത്തുക?

- കണ്ണൂർ ജയിയിലേക്കുള്ള യാത്ര,ജയിലിൽ നിന്നു വന്ന കത്ത്, വെള്ളായിയപ്പനോടും മകനോടുമുള്ള സ്നേഹം.

37. "കാരണവരേ കട്ടാൽ മതി. ജയിലിലെത്തിച്ചേരാം?" അപരിചിതരുടെ ഏത് മനോഭാവമാണ് വരികളിൽ വെളിപ്പെടുന്നത്?

- പരിഹാസം.

38. "കൈപ്പടങ്ങളിൽ എന്തോ നനഞ്ഞു കുതിർന്നു.വെള്ളായിയപ്പൻ പൊതിയഴിച്ചു."പൊതിച്ചോറിന് കഥയിലുള്ള പരിണാമം കണ്ടെത്തി കുറിക്കുക.?

- കോടച്ചി കൊടുത്തയച്ച പൊതിച്ചോറ് അവസാനം വെള്ളായിയപ്പന്റെ മകന്റെ ആത്മാവിനുള്ള ബലിച്ചോറായി പരിണമിക്കുന്നു.

39. 'കടൽത്തീരത്ത്'എന്ന കഥയിലെ "കടൽ"ഒരു ബിംബകല്പനയായിട്ടാണ് കഥാകൃത്ത് ഉപയോഗിച്ചിട്ടുള്ളത്? എങ്ങനെ?

- വെള്ളായിയപ്പന്റെ സംഘർഷഭരിതമായ മനസ്സിന്റെ പ്രതീകമായി.

40. നിഷ്കളങ്കനും പാവപ്പെട്ടവനുമായ വെള്ളായിയപ്പന്റെ കൂടെ നിൽക്കുന്നതും നിരക്ഷരനായ,സ്ഥലകാലബോധമില്ലാത്ത അദ്ദേഹത്തെ പരിഹസിക്കുന്നതുമായ രണ്ട് സംസ്കാരത്തെ കഥയിൽ അവതരിപ്പിക്കുന്നുണ്ട്. ഏവ?

- ഗ്രാമസംസ്കാരം, നഗരസംസ്കാരം

41. "പുഴ കടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു."- സന്ദർഭത്തിൽ വെള്ളായിയപ്പന്റെ ദു:ഖം അണപൊട്ടിയൊഴുകിയതിന്റെ രണ്ട് കാരണങ്ങൾ കുറിക്കുക.?

- വെള്ളായിയപ്പന്റെ അപ്പൻ മരിച്ചപ്പോൾ കുളിപ്പിച്ചതും മകൻ കണ്ടുണ്ണിയെ പുഴയിൽ കുളിപ്പിച്ചതും. ( മരണ സൂചനകൾ)

42. വിഗ്രഹിക്കുമ്പോൾ പൂർവപദത്തിനും ഉത്തരപദത്തിനും ഒരേ പ്രധാന്യം വരുന്ന പദമേത്?

- **കൈകാലുകൾ(കൈയുംകാലും)**
- സൗമിത്രി.

- ➢ കടൽത്തീരത്ത്

43. "ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"
"യജമാനരേ എന്റെ കൈയിൽ പണമില്ല," വരികളിൽ പ്രകടമാവുന്ന ഭാവം എന്ത്?

- നിസ്സഹായത

44. നെടുവരമ്പ് - എന്നതിന്റെ വിഗ്രഹരൂപമേത്?

- നെടുതായ വരമ്പ്

45. വെള്ളായിയപ്പന്റെ രണ്ട് യാത്രകൾ 'കടൽത്തീരത്ത് 'എന്ന കഥയെ ഭാവതീവ്രമാക്കുന്നുണ്ട്. രണ്ട് യാത്രകൾ ഏവ?

- കണ്ണൂർ ജയിലിലേക്കുള്ള യാത്ര.
- മകന്റെ മൃതദേഹത്തെ അനുഗമിച്ച് കടൽത്തീരത്തേക്കുള്ള യാത്ര.

46. തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി.- *കഞ്ഞി നനവ്* എന്ന പദം കഥയ്ക്ക് നൽകുന്ന സവിശേഷമായ ആവിഷ്കാരഭംഗി കണ്ടെത്തുക?

- ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് വീണ കോടച്ചിയുടെ കണ്ണീരിന്റെ പ്രതീകം.

47. വിഗ്രഹാർത്ഥരൂപമെഴുതുക.

- പുഴമണൽ - ................. (പുഴയിലെ മണൽ)
- പനമ്പട്ടകൾ - .............. (പനയുടെ പട്ടകൾ)

48. "കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു."_ വരികളിലെ കാവ്യപരമായ സവിശേഷതയെന്ത്?

- ഗദ്യഭാഷയുടെ കാവ്യാത്മകത.

49. കണ്ടുണ്ണി ശ്രവണത്തിനുമപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. അടിവരയിട്ട ഭാഗത്തിന്റെ സൂചിതാർത്ഥം കണ്ടെത്തുക?

- നിസ്സഹായതയുടെ നിലവിളിയായിരുന്നു./ മൗനത്തിന്റെ നിലവിളിയായിരുന്നു.

50. "മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചു കൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അദ്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു" - അടിവരയിട്ട പദം നൽകുന്ന ധ്വനിയെന്ത്?

- ജയിലിൽ കഴിയുന്ന മകന്റെ അവസാന നിമിഷങ്ങളെക്കുറിച്ചുള്ള സൂചന

**prepared by Suresh Areekode,HST(Malayalam),GHSSAreekode MalappuramPH:9562521509.**
**Visit my youtube:*mukulam malayalam* for malayalam video lessons,PDF Notes,and Question answer discussions.**